(ഡി) 'ഇ. നമ്പർ 001.10' എന്ന തൊഴിൽ നമ്പറിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര ഉദ്യോഗാർത്ഥികളെയാണ് 1-1-2004 മുതൽ വിവിധ വകുപ്പുകളിലേക്ക് നിയമന ശുപാർശക്ക് അയച്ചിട്ടുള്ളത് ; അവരുടെ പേരും രജിസ്റ്റർ ചെയ്ത തീയതിയും ലഭ്യമാക്കുമോ ;

(ഇ) ഹയർ സെക്കന്ററി സ്കൂളുകളിൽ ഗസ്റ്റ് ലക്ചറർ തസ്തികയിലെ സേവനകാലം നിയമനത്തിന് ശുപാർശ ചെയ്യുമ്പോൾ എക്സ്പീരിയൻസ് ആയി പരിഗണിക്കാറുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത സേവനകാലം എക്സ്പീരിയൻസ് ആയി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഡോക്ടർ, എഞ്ചിനീയർ, കോളേജ് ലക്ചറർ, ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി/സ്കൂൾ ടീച്ചർ, വെറ്ററിനറി സർജൻ, അഗ്രോണമിസ്റ്റ്, ചാർട്ടേഡ് അക്കൗണ്ടന്റ് തുടങ്ങിയ വിവിധ പ്രൊഫഷണൽ എക്സിക്യൂട്ടീവ് നിലവാരമുള്ള തസ്തികകൾക്കുവേണ്ടി ഈ എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നടത്തുന്നുണ്ട്.

(ബി) കെമിസ്റ്റ്/ലക്ചറർ ഇൻ കെമിസ്ട്രി എന്നീ തസ്തികകൾക്ക് പരിഗണിക്ക പ്പെടുന്നതിന് വേണ്ടിയുള്ളതാണ്.

(സി) 24-2-2005 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളെ 15-12-2005-ന് കൊച്ചി, കയർ ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുള്ള പ്രോജക്റ്റ് അസിസ്റ്റന്റ് 'കെമിസ്ട്രി' യുടെ ഒഴിവിലേക്കാണ് ഏറ്റവും അവസാനമായി നാമനിർദ്ദേശം ചെയ്തിട്ടുള്ളത്.

(ഡി) 543 ഉദ്യോഗാർത്ഥികളെ ഇതുവരെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. അവരുടെ പേരും രജിസ്റ്റർ ചെയ്ത തീയതിയും അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഇ) ഇല്ല. നിർദ്ദേശം പരിശോധിക്കുന്നതാണ്.

തിരുവനന്തപുരം പ്രൊഫഷണൽ എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രസതന്ത്ര വിഭാഗം അദ്ധ്യാപക തസ്തികയിലേക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ

139 [903] ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പ്രൊഫഷണൽ എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രസതന്ത്ര വിഭാഗം അദ്ധ്യാപക തസ്തികയിലേക്ക് ഏത് കാലയളവു വരെ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളെയാണ് 2005-06 അധ്യയന വർഷത്തിലേക്ക് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ താൽക്കാലിക നിയമനം നടത്തുന്നതിലേക്കായി പരിഗണിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളത് ;

(ബി) ഇവരിൽ മുന്നോക്ക വിഭാഗത്തിലുള്ളവർ എത്ര ഈഴവർ, മുസ്ലീങ്ങൾ, മറ്റു പിന്നോക്ക വിഭാഗങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗക്കാർ എന്നിവർ എത്ര വീതമെന്ന് വിശദമാക്കാമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവരിൽ ഓരോ വിഭാഗത്തിലും ഏത് കാലയളവുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) 1-1-2004-നുശേഷം രജിസ്റ്റർ ചെയ്ത എത്ര ഉദ്യോഗാർത്ഥികളെയാണ് പ്രസ്തുത തസ്തികയിൽ നിയമനത്തിന് പരിഗണിക്കുന്നതിനായി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഓപ്പൺ പ്രയോറിറ്റി വിഭാഗത്തിൽ 27-9-2002 വരെയും ഓപ്പൺ നോൺ പ്രയോറിറ്റി വിഭാഗത്തിൽ 1-10-2002 വരെ ഉള്ളവരെയും ഈഴവ, തിയ്യ, ബില്ലവ പ്രയോറിറ്റി വിഭാഗത്തിലെ 1-2-2003 വരെയുള്ളവരെയും പട്ടികജാതി പ്രയോറിറ്റി 29-5-2003 വരെയും മുസ്ലീം പ്രയോറിറ്റി 3-5-2002 വരെയുള്ള വരെയും ശുപാർശ ചെയ്തിട്ടുണ്ട്.

(ബി)

	മുന്നോക്ക വിഭാഗത്തിലുള്ളവർ	-	19
	ഓപ്പൺ നോൺ പ്രയോറിറ്റി	-	19
	ഇ.റ്റി.ബി. പ്രയോറിറ്റി	-	9
	എസ്.സി. പ്രയോറിറ്റി	-	19
	മുസ്ലീം പ്രയോറിറ്റി	-	10

(സി)

	വിഭാഗം	*ഒഴിവുകളുടെ എണ്ണം*	*ഉദ്യോഗാർത്ഥികളെ പരിഗണിച്ച സീനിയോറിറ്റി*
1.	ഓപ്പൺ പ്രയോറിറ്റി	6	23-5-2000
2.	ഓപ്പൺ നോൺ പ്രയോറിറ്റി	7	28-5-2003
3.	ഇ.റ്റി.ബി. പ്രയോറിറ്റി	2	സെലക്ഷൻ തീയതി വരെയുള്ള മുഴുവൻ പേരെയും (29-6-2005)
4.	ഇ.റ്റി.ബി. നോൺ പ്രയോറിറ്റി	2	11-8-2004
5.	എസ്.സി. പ്രയോറിറ്റി	1	മുഴുവൻ പേരെയും
6.	എസ്.റ്റി.	1	ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തതിനാൽ മുസ്ലീം നോൺ പ്രയോറിറ്റിവിഭാഗത്തിനു നൽകി
7.	മുസ്ലീം പ്രയോറിറ്റി	2	9-7-2003
8.	മുസ്ലീം നോൺ പ്രയോറിറ്റി (എസ്.റ്റി.ബി. ഒഴിവ് ഉൾപ്പെടെ)	2	4-4-2005
9.	നാടാർ പ്രയോറിറ്റി	1	മുഴുവൻ പേരെയും
10.	എസ്.സി. കൺവേർട്ടഡ് എസ്.റ്റി.	1	മുഴുവൻ പേരെയും
11.	ധീവര നോൺ പ്രയോറിറ്റി	1	മുഴുവൻ പേരെയും
12.	ഒ.ബി.സി. നോൺ	1	18-5-2005.

LIBRARY ARCHIVES Kerala Legislative Assembly

(ഡി)	*വിഭാഗം*	*എണ്ണം*
	സീനിയർ രസതന്ത്രം ടീച്ചർ	
1.	ഓപ്പൺ പ്രയോറിറ്റി	1
2.	എസ്. സി. പ്രയോറിറ്റി	1
	ജൂനിയർ രസതന്ത്രം ടീച്ചർ	
1.	ഓപ്പൺ പ്രയോറിറ്റി	4
2.	ഇ.റ്റി.ബി. പ്രയോറിറ്റി	1
3.	ഇ.റ്റി.ബി. നോൺ പ്രയോറിറ്റി	14
4.	എസ്.സി. പ്രയോറിറ്റി	1
5.	മുസ്ലീം പ്രയോറിറ്റി	ഇല്ല
6.	മുസ്ലീം നോൺ പ്രയോറിറ്റി	5
7.	ധീവര നോൺ പ്രയോറിറ്റി	2
8.	ഒ.ബി.സി. നോൺ പ്രയോറിറ്റി	5

ശ്രീ. എൻ. പി. വിജയന്റെ മരണാനന്തര ആനുകൂല്യങ്ങളും ജോലിയും ലഭിക്കണമെന്ന ആവശ്യം

140 [904] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഐ.റ്റി.ഐ.-യിൽ സീനിയർ ഇൻസ്ട്രക്ടർ ആയിരുന്ന എൻ. പി. വിജയൻ വാഹന അപകടത്തിൽ മരിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇദ്ദേഹത്തിന്റെ ഭാര്യ ബേബി ഗിരിജ, വിജയഗിരി, കോമശ്ശേരി പറമ്പ്, കാരന്തൂർ, കോഴിക്കോട് മരണാനന്തര ആനുകൂല്യങ്ങളും ജോലിയും ലഭിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത അപേക്ഷ പരിഗണിച്ച് ഏതൊക്കെ ആനുകൂല്യങ്ങളാണ് നൽകിയത് എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഇവർക്ക് നൽകാൻ ബാക്കിയുള്ള ആനുകൂല്യങ്ങൾ എന്തൊക്കെ എന്നും ഇത് നൽകാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ ;

(ഇ) ആശ്രിത നിയമനത്തിന് അവകാശിയായി പരിഗണിച്ചത് ആരെയാണെന്നും ഇവർക്ക് പരേതനുമായുള്ള ബന്ധം എന്താണെന്നും വെളിപ്പെടുത്താമോ ;

(എഫ്) ഇവർക്ക് ജോലി നൽകുന്നതിൽ വരുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ; ഇവർക്കർഹതപ്പെട്ട ആനുകൂല്യങ്ങളും ജോലിയും എന്ന് നൽകുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly